പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 754 02/12/2015 ൽ മറുപടിക്ക്

## ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീമതി.ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി യാക്കി ഉയർത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർപ്രവർത്തനങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | ലഭിച്ചിട്ടുണ്ട്. ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 757 02/12/2015 ൽ മറുപടിക്ക്

## എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

| ചോദ്യം<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടില്ല |
| (ബി) | പ്രസ്തുത ആവശ്യത്തിലേക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ബാധകമല്ല |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 759 02/12/2015 ൽ മറുപടിക്ക്

## നെടുങ്ങോലം താലൂക്ക ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| | ചോദ്യം<br>**ശ്രീ.ജി.എസ്.ജയലാൽ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളും, ആയതിന്റെ പ്രവർത്തന പുരോഗതിയും അറിയിക്കുമോ; | (എ) | 2015-16 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി Setting up of Dialysis Units in Major Hospitals എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്ങോലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ (ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി ഉപകരണങ്ങൾ, ഫർണിച്ചർ, മരുന്ന് എന്നിവയ്ക്കായി 170 ലക്ഷം രൂപ കെ.എം.എസ്.സി.എൽ. ലേയ്ക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. കൂടാതെ കെട്ടിട നിർമ്മാണത്തിനും കരാർ ജീവനക്കാർക്ക് പ്രതിഫലം നൽകുന്നതിനുമുള്ള ഫണ്ട് കൈമാറുന്നതിനും ഉള്ള നടപടി പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | കെട്ടിട നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കി ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 761 — 02/12/2015 ൽ മറുപടിക്ക്

## കൊണ്ടോട്ടി സി.എച്ച്.സി.

| | ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് താലൂക്ക് കേന്ദ്രങ്ങളിലല്ലാത്ത എത്ര ഡിസ്പെൻസറി/ആശുപത്രികളെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എ) | നാല്<br>1. സി.എച്ച്.സി. പള്ളുരുത്തി<br>2. സി.എച്ച്.സി. വണ്ടൂർ<br>3. സി.എച്ച്.സി. അരീക്കോട്<br>4. സി.എച്ച്.സി. ബാലുശ്ശേരി |
| (ബി)<br><br><br><br><br>(സി) | താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ലഭിച്ച നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?<br><br>കൊണ്ടോട്ടി താലൂക്ക് ആശുപത്രി എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും | ആരോഗ്യവകുപ്പ് ഡയറക്ടർ വിശദമായ പ്രൊപ്പോസൽ 27/11/2015ന് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **762** **02.12.2015**-ൽ മറുപടിക്ക്

**മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ.വി.എസ്.ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ 33 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | മാവേലിക്കര ജില്ലാ ആശുപത്രിയെ സംബന്ധിച്ച 33 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് നബാർഡ് അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ബാധകമല്ല |
| (സി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ എത്രയാണ് ; നിലവിൽ എത്ര സ്റ്റാഫുണ്ട് ; വ്യക്തമാക്കുമോ; | (സി) | (see table below) |

| നം. | അനുവദിച്ചിട്ടുള്ള തസ്തികകൾ | സ്ഥിരം | താൽക്കാലികം |
|---|---|---|---|
| 1 | കൺസൾട്ടന്റ് | 12 | |
| 2 | ജൂനിയർ കൺസൾട്ടന്റ് | 9 | |
| 3 | ദന്തൽ കൺസൾട്ടന്റ് (സിവിൽ സർജൻ) | 1 | |
| 4 | ദന്തൽ ജൂനിയർ കൺസൾട്ടന്റ് | 1 | |
| 5 | ലേ സെക്രട്ടറി | 1 | |
| 6 | ഹെഡ് ക്ലാർക്ക് | 1 | |
| 7 | സീനിയർ ക്ലാർക്ക് | 3 | |
| 8 | ക്ലാർക്ക് | 3 | |
| 9 | എൽ.ഡി. ടൈപ്പിസ്റ്റ് | 1 | |

| | | | |
|---|---|---|---|
| 10 | മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ | 1 | |
| 11 | ആഫീസ് അറ്റൻഡന്റ് | 2 | |
| 12 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1 | 1 | |
| 13 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 | 1 | |
| 14 | ഹെഡ് നേഴ്സ് | 13 | |
| 15 | സ്റ്റാഫ് നേഴ്സ് | 45 | |
| 16 | നഴ്സിംഗ് അസിസ്റ്റന്റ് | 25 | |
| 17 | ഹോസ്പിറ്റൽ അറ്റൻഡന്റ്-1 | 6 | |
| 18 | ഹോസ്പിറ്റൽ അറ്റൻഡന്റ്-2 | 18 | |
| 19 | പാർട്ട് ടൈം സ്വീപ്പർ | 5 | |
| 20 | സ്റ്റോർ സൂപ്രണ്ട് | 1 | |
| 21 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | |
| 22 | ഫാർമസിസ്റ്റ് | 5 | |
| 23 | ലാബ് ടെക്നീഷ്യൻ | 3 | |
| 24 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | |
| 25 | റേഡിയോഗ്രാഫർ | 2 | |
| 26 | പി.എച്ച്.എൻ | 1 | |
| 27 | ജെ.പി.എച്ച്.എൻ | 1 | |
| 28 | എക്സ്റേ അറ്റൻഡർ | 2 | |
| 29 | ഡ്രൈവർ | 2 | |
| 30 | ജെ .എച്ച്.ഐ.ഗ്രേഡ്-2 | 1 | |
| 31 | ദന്തൽ ഹൈജീനിസ്റ്റ് | 1 | |
| 32 | ദന്തൽ മെക്കാനിക്ക് | 1 | |
| 33 | ഒപ്റ്റോമെട്രിസ്റ്റ് | 2 | |
| 34 | പ്ലംബർ | 1 | |
| 35 | ഇലക്ട്രീഷ്യൻ | 1 | |
| 36 | കുക്ക് | 1 | |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>37</td><td>നോൺ മെഡിക്കൽ സൂപ്പർവൈസർ</td><td>1</td><td></td></tr>
<tr><td>38</td><td>ട്രീറ്റ്മെന്റ് ഓർഗനൈസർ</td><td>2</td><td></td></tr>
<tr><td>39</td><td>ഇ.സി.ജി. ടെക്നീഷ്യൻ</td><td>2</td><td></td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ചെലവഴിച്ച തുകയെത്ര ; ഏത് വകുപ്പിൽ നിന്നും; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?</td><td>(ഡി)</td><td>ജില്ലാ പഞ്ചായത്തിൽ നിന്നും മെഡിക്കൽ വാർഡിന്റെ അറ്റകുറ്റപ്പണികൾക്ക് 50 ലക്ഷം രൂപയും ഓപ്പറേഷൻ തിയേറ്ററിന്റെ നവീകരണത്തിന് 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 767 02/12/2015 ൽ മറുപടിക്ക്

കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക ചിലവഴിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് ലഭിച്ചിട്ടില്ല. |
| (ബി) | സെന്ററിന്റെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | 09/05/2013 ന് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ചേർന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) തീരുമാനപ്രകാരം കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ പഴയ കെട്ടിടം, ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് നവീകരണ പ്രവൃത്തി നടത്തി ജില്ലാ പഞ്ചായത്തിന്റെ സ്നേഹസ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം 25/08/2014 ന് ആരംഭിക്കുകയും ചെയ്തു. നിലവിൽ ആഴ്ചയിൽ 3 ദിവസം എന്ന തോതിൽ 26 രോഗികൾക്ക് ഡയാലിസിസ് സേവനം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 776      02/12/2015 ൽ മറുപടിക്ക്

## ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത്

| | ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 20/08/2010 തീയതിയിലെ ജി.ഒ. (എം.എസ്.) നം. 557/2010/ആ.കു.വ. ഉത്തരവ് പ്രകാരം ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ജീവനക്കാരുടേയും ഡോക്ടർമാരുടേയും നിയമനത്തിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ പുതിയ കെട്ടിടത്തിനായി ജിഡ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ? | (സി) | ജിഡ ഫണ്ടിൽ നിന്നും ഇതിലേക്ക് അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ജിഡയിൽ നിന്നോ എഫ്-ഐ-ടി-യിൽ നിന്നോ പ്രസ്തുത വിഷയം സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 793 02/12/2015 ൽ മറുപടിക്ക്

തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിന്റെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകളും നടപ്പാതകളും പ്രകാശിക്കാത്ത വൈദ്യുതി വിളക്കുകളും മലിനജലം ഒഴുകിപ്പോകാത്ത ഓടകളും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, |
| (ബി) | എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. മലിനജലം ഒഴുകിപ്പോകാത്ത ഓടകളുടെ പുനർ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.796 02.12.2015-ൽ മറുപടിക്ക്**

**തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ശിവൻകുട്ടി** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റു ജീവനക്കാർ എന്നിവരുടെ ഇപ്പോഴുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റു ജീവനക്കാർ എന്നിവരുടെ ഇപ്പോഴുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>സീനിയർ കൺസൾട്ടന്റ് (മെഡിസിൻ) - 2<br>സീനിയർ കൺസൾട്ടന്റ് (സർജറി) - 1<br>കൺസൾട്ടന്റ് (മെഡിസിൻ) - 2<br>കൺസൾട്ടന്റ് (സർജറി) - 1<br>കൺസൾട്ടന്റ് (ഇ.എൻ.റ്റി) - 2<br>കൺസൾട്ടന്റ് (അനസ്തേഷ്യ) – 1<br>കൺസൾട്ടന്റ് (ഓർത്തോ) - 1<br>കൺസൾട്ടന്റ് (ഡർമറ്റോളജി) - 1<br>കൺസൾട്ടന്റ് (റേഡിയോളജി) - 1<br>കൺസൾട്ടന്റ് (സൈക്യാട്രി) - 1<br>നഴ്സിംഗ് ഓഫീസർ - 1<br>ജൂനിയർ സയന്റിഫിക് ഓഫീസർ - 2<br>ചീഫ് റേഡിയോഗ്രാഫർ - 1<br>പ്ലമ്പർ - 1<br>ധോബി - 4<br>ബൈന്റർ - 1<br>നഴ്സിംഗ് അസിസ്റ്റന്റ് - 6<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് - I – 5<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് - II – 5<br>ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ - 1<br>ഫാർമസിസ്റ്റ് - 1<br>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I – 10<br>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II – 25<br>ബാർബർ - 1 |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 810

02/12/2015-ൽ മറുപടിക്ക്

### പകർച്ചവ്യാധികളുടെ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഓരോ വർഷവും എലിപ്പനി, ഡങ്കിപ്പനി, ഹെപ്പറ്റൈറ്റിസ്, മലേറിയ തുടങ്ങിയ വിവിധ അസുഖങ്ങൾ മൂലം എത്രപേർ മരണപ്പെട്ടു എന്നുള്ള ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക കണക്കുകൾ വിശദമാക്കാമോ ; | എ) വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർക്കുന്നു. |
| ബി) ഈ വർഷം ഇതേവരെ പനിയും പകർച്ചവ്യാധികളും മൂലം ആശുപത്രികളിൽ ചികിത്സ തേടിയെത്തിയവർ എത്രയാണെന്നും മരണപ്പെട്ടവർ എത്ര യാണെന്നും വ്യക്തമാക്കുമോ ? | ബി) വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## Confirmed Deaths due to Communicable diseases from 2011 to 2015(Up to nov 27)

| Diseases | 2011 | 2012 | 2013 | 2014 | 2015 (up to Nov 27) |
|---|---|---|---|---|---|
| Fever | 10 | 11 | 23 | 29 | 21 |
| Dengue | 10 | 16 | 29 | 13 | 25 |
| Leptospirosis | 70 | 18 | 34 | 43 | 23 |
| Malaria | 2 | 3 | 0 | 6 | 3 |
| Hepatitis A | 10 | 8 | 8 | 6 | 6 |
| Japanese Encephalitis | 2 | 1 | 0 | 2 | 1 |
| H1N1 | 10 | 15 | 1 | 15 | 78 |
| Typhoid | 2 | 1 | 0 | 0 | 0 |
| Scrub Typhus | NA | 4 | 0 | 6 | 15 |
| KFD | 0 | 0 | 0 | 0 | 11 |
| Birdflu | 0 | 0 | 0 | 0 | 0 |
| HFMD | 0 | 0 | 0 | 0 | 0 |
| Chikungunya | 0 | 0 | 0 | 0 | 0 |
| ADD | 4 | 8 | 2 | 5 | 3 |
| Cholera | 1 | 2 | 0 | 1 | 0 |

* 2015 data is provisional

അനുബന്ധം - ബി

## Confirmed Case & Deaths due to Communicable diseases -2015
## Jan to Nov(up to 27th)

| Sl No | Diseases | Cases | Deaths |
|---|---|---|---|
| 1 | Fever | 2403408 | 21 |
| 2 | Dengue | 3716 | 25 |
| 3 | Leptospirosis | 905 | 23 |
| 4 | Malaria | 1211 | 3 |
| 5 | Hepatitis A | 1580 | 6 |
| 6 | Japanese Encephalitis | 1 | 1 |
| 7 | H1N1 | 861 | 78 |
| 8 | Typhoid | 1651 | 0 |
| 9 | Scrub Typhus | 988 | 15 |
| 10 | KFD | 102 | 11 |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 833

02/12/2015 -ൽ
മറുപടിയ്ക്കു്

## മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ 07/08/2015 -ന് ഉത്ഘാടനം കഴിഞ്ഞ ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിനുള്ള തടസ്സമെന്താണ്; പ്രാരംഭ ഘട്ടത്തിൽ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

ക്ഷേത്രകലാ അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും ബില്ലുകൾ വൗച്ചറുകൾ എന്നിവ യഥാസമയം അക്കാദമി ഭരണ സമിതി പാസ്സാക്കി തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണർ മുഖാന്തിരം ദേവസ്വം ബോർഡിലേക്ക് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല. ഇക്കാരണത്താൽ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതായി ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി വാദ്യം, പൂരക്കളി, തിടമ്പ്, നൃത്തം എന്നീ കലകളാണ് അഭ്യസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 834

02/12/2015 -ൽ മറുപടിയ്ക്ക്

**<u>ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്ക് സാമ്പത്തിക സഹായം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാര സ്ഥാനീയർക്കും കോലധാരികൾക്കും ഇപ്പോൾ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രസ്തുത ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; വിശദാംശം അറിയിക്കുമോ; | ബി) | തലശ്ശേരി ഡിവിഷനിൽ 9/2015 മുതലും, കാസർഗോഡ്, കോഴിക്കോട് ഡിവിഷനുകളിൽ 8/2015 മുതലും കുടിശ്ശികകൾ നൽകാനുണ്ട്. |
| സി) | പ്രസ്തുത സഹായ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനുള്ള ഹർജികൾ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | സി) | സർക്കാരിൽ ലഭ്യമായ അപേക്ഷകൾ തുടർ നടപടികൾക്കായി മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലേക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകകൊള്ളിക്കാത്തതിനാൽ പ്രസ്തുത അപേക്ഷകൾ പരിഗണിച്ചിട്ടില്ല. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സഹായ പദ്ധതിയിൽ എത്ര പേരെ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | ഡി) | 601 ആചാരസ്ഥാനികരേയും, 89 കോലധാരികളേയും കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 839

02/12/2015 -ൽ മറുപടിയ്ക്കു്

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി ജമീലാ പ്രകാശം | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ എത്ര വീതം വേക്കൻസികൾ ഉണ്ട് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | എ) | 1 ലോവർ ഡിവിഷൻ ക്ലാർക്ക് – 65<br>2 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് – 7<br>3 പ്യൂൺ – 40<br>4 സ്ട്രോഗ് റൂം ഗാർഡ് – 35<br>5 ഫുൾടൈം ശാന്തി – 25<br>6 പാർട്ട് ടൈം ശാന്തി – 52<br>7 കഴകം – 47<br>8 തളി – 46<br>9 വാച്ചർ – 93 |
| ബി) | ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത്; | ബി) & സി) | ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമ പ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനം എടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്. |
| സി) | അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്നു എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് നിയമനം നൽകുന്നതിന് ഗവൺമെൻറ് പ്രത്യേക തീരുമാനം എടുത്ത് നിർദ്ദേശം നൽകാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 840

02/12/2015 -ൽ മറുപടിയ്ക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി.തോമസ് | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത ഒഴിവുകൾ ഉള്ളതെന്നും വിശദമാക്കുമോ? | എ) 1 ലോവർ ഡിവിഷൻ ക്ലാർക്ക് – 65<br>2 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് – 7<br>3 പ്യൂൺ – 40<br>4 സ്ട്രോങ് റൂം ഗാർഡ് – 35<br>5 ഫുൾടൈം ശാന്തി – 25<br>6 പാർട്ട് ടൈം ശാന്തി – 52<br>7 കഴകം – 47<br>8 തളി – 46<br>9 വാച്ചർ – 93 |
| ബി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത്; അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്നു എന്ന വസ്തുത കണക്കിലെടുത്ത് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 841

02/12/2015 –ൽ മറുപടിയ്ക്കു്

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ഒഴിവുകൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി.കെ. നാണു | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്നു വ്യക്തമാക്കുമോ; ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകളുള്ളതെന്ന് വിശദമാക്കുമോ; | എ) 1 ലോവർ ഡിവിഷൻ ക്ലാർക്ക് – 65<br>2 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് – 7<br>3 പ്യൂൺ – 40<br>4 സ്ട്രോഗ് റൂം ഗാർഡ് – 35<br>5 ഫുൾടൈം ശാന്തി – 25<br>6 പാർട്ട് ടൈം ശാന്തി – 52<br>7 കഴകം – 47<br>8 തളി – 46<br>9 വാച്ചർ – 93 |
| ബി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) & സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. |
| സി) അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്ന വസ്തുത കണക്കിലെടുത്ത് നിയമനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 842

02/12/2015 –ൽ മറുപടിയ്ക്കു്

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വ്യക്തമാക്കുമോ;<br>ബി) ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകൾ ഉള്ളത്; വിശദാംശം വ്യക്തമാക്കാമോ; | എ) & ബി)<br>1 ലോവർ ഡിവിഷൻ ക്ലാർക്ക് – 65<br>2 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് – 7<br>3 പ്യൂൺ – 40<br>4 സ്ട്രോഗ് റൂം ഗാർഡ് – 35<br>5 ഫുൾടൈം ശാന്തി – 25<br>6 പാർട്ട് ടൈം ശാന്തി – 52<br>7 കഴകം – 47<br>8 തളി – 46<br>9 വാച്ചർ – 93 |
| സി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത്; വ്യക്തമാക്കുമോ; | സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. |
| ഡി) നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്നു എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് നിയമനം നൽകുന്നതിന് സർക്കാർ പ്രത്യേക നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | ഡി) ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമ പ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനം എടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 844 — 02.12.2015-ൽ മറുപടിയ്ക്ക്

"മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് രൂപീകരണം"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.പി. ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള സി3/40905/13 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) കെ.ഐ.പി(ആർ.ബി) സർക്കിൾ, കൊട്ടാരക്കര കാര്യാലയത്തിൽ നിന്നും ഒരു സബ് ഡിവിഷൻ മൈനർ ഇറിഗേഷൻ കടുത്തുരുത്തിയിലോട്ട് മാറ്റുന്നതിനുള്ള നടപടികൾ പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്നതായി ചീഫ് എഞ്ചിനീയർ(ഐ&എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത ഫയൽ സർക്കാരിലേക്ക് അയക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) ഇത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 845 — 02.12.2015-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജയിംസ് മാത്യു | ശ്രീ.പി. ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ഇറിഗേഷന്റെ ഭൂമി വ്യാപകമായ തോതിൽ കൈയ്യേറ്റം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | എ) പഴശ്ശി ഇറിഗേഷന്റെ ഭൂമിയിൽ വ്യാപകമായി കണ്ടെത്തുന്ന കൈയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ അടയാളപ്പെടുത്തി ഒഴിപ്പിക്കാനുള്ള നടപടികൾ നടത്തുന്നുണ്ട്. കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു നടപടികൾ നടന്നു വരുന്നു.<br><br>റിസർവോയർ ഏരിയയുടെ അതിർത്തി അളന്ന് കല്ലുകൾ സ്ഥാപിക്കുവാനും ജണ്ടകൾ സ്ഥാപിക്കുവാനും, കമ്പിവേലികൾ സ്ഥാപിക്കാനും ഉള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മെയിൻ കനാലിന്റെ ആദ്യത്തെ 5 കി.മീറ്റർ ദൂരത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ തുടർന്ന് വരുന്നു. ബാക്കിയുള്ള കനാൽ ഭാഗങ്ങൾ കൂടി സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതോടെ കൈയ്യേറ്റങ്ങൾ മുഴുവനായും ഒഴിപ്പിക്കാനും തടയാനും കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -846 02.12.2015 ൽ മറുപടിയ്ക്ക്

**'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി'**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.അജിത് :** | | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതനുസരിച്ച് വൈക്കം നിയോജക മണ്ഡലത്തിൽ ഈ പദ്ധതിക്കായി എത്ര കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നുള്ള വിവരങ്ങളും വ്യക്തമാക്കുമോ; | (എ) | 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നല്കി. ഇതനുസരിച്ച് വൈക്കം നിയോജക മണ്ഡലത്തിൽ 4 കുളങ്ങൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ബി) | 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' എന്നത്തേക്ക് പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും കുളങ്ങൾ തുടർന്നും ഉപയോഗയോഗ്യമാക്കി നിറുത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതാണ്. പൂർത്തീകരിച്ച കുളങ്ങൾ ഉപയോഗയോഗ്യമാക്കി നിറുത്തുന്നതിന് പ്രസ്തുത കുളങ്ങൾ കർഷക സമിതികൾക്കോ, പഞ്ചായത്തുകൾക്കോ ഏറ്റെടുത്ത് സംരക്ഷിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ജലസേചനവകുപ്പിന്റെ നോൺപ്ലാൻ ഹെഡിൽ വകയിരുത്തി കാലാകാലങ്ങളിലെ പുനരുദ്ധാരണ പണികൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതാണ്. |

| | | |
|---|---|---|
| (സി) | 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളിൽ പണി ആരംഭിച്ചതോ പൂർത്തിയാക്കിയതോ ആയ കുളങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) 1. അയ്യർക്കുളം -വൈക്കം മുനിസിപ്പാലിറ്റി<br>ചെമ്മനത്തുകര അമ്പലക്കുളം - ടിവി പുരം പഞ്ചായത്ത്<br>} പണി പൂർത്തീകരിച്ചു<br><br>2. ഇടയാഴം അമ്പലക്കുളം -വെമ്പൂർ<br>ഇരുമ്പുഴീക്കര കോളനി കുളം- ഉദയപുരം<br>} എഗ്രിമെന്റ് വച്ച് പണി തുടങ്ങിയപ്പോൾ കോൺട്രാക്ടർ മരണപ്പെട്ടതുകാരണം റീ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -847 02.12.2015 ൽ മറുപടിയ്ക്ക്

**ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, ലൂഡി ലൂയിസ്<br>,, ഹൈബി ഈഡൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുന്നതിൽ കുളങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് കുളങ്ങളുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത്. ഇതിലൂടെ കുളങ്ങൾ നവീകരിച്ച് പൂർവ്വകാല പ്രൗഢി വീണ്ടെടുക്കുവാൻ സാധിക്കുകയും കുളങ്ങൾ ജനങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുകയും ചെയ്യും.<br><br>മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. |

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -849 02.12.2015 ൽ മറുപടിയ്ക്ക്

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സാജു പോൾ :** | | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;<br>(സി) എത്ര കുളങ്ങൾ നവീകരിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ആയതിന്റെ കാരണം വിശദമാക്കുമോ; | | (ബി) &(സി)<br>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആകെ 194 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. നവീകരിച്ച കുളങ്ങൾ, നവീകരിക്കാൻ ബാക്കിയുള്ള കുളങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br>അതിർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ച തടസ്സം, പൊതുജനങ്ങളുടെ എതിർപ്പ്, പണി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറാകാത്തത് എന്നിവ നിമിത്തമാണ് പ്രവർത്തി തുടങ്ങാൻ സാധിക്കാത്തത് |
| (ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്നും ഓരോ കുളത്തിനും എത്ര തുക വീതം ചെലവഴിച്ചെന്നും വ്യക്തമാക്കുമോ? | (ഡി) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ കൂവപ്പടി പഞ്ചായത്തിന് കീഴിലുള്ള പടിക്കലപ്പാറ ഗീത ചിറയുടെ പ്രവർത്തി പൂർത്തിയായി. ഇതിനായി 9,49,355/- രൂപ ചെലവഴിച്ചു. |

**സെക്ഷൻ ഓഫീസർ**

| ജില്ല | നവീകരിക്കാനുള്ള കുളങ്ങൾ | നവീകരിച്ച കുളങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 7 | 38 |
| കൊല്ലം | 11 | 11 |
| പത്തനംതിട്ട | 22 | 22 |
| കോട്ടയം | 27 | 18 |
| എറണാകുളം | 10 | 14 |
| തൃശ്ശൂർ | 37 | 15 |
| പാലക്കാട് | 3 | 5 |
| ഇടുക്കി | 23 | 22 |
| മലപ്പുറം | 5 | 12 |
| കോഴിക്കോട് | 4 | 8 |
| കണ്ണൂർ | 7 | 10 |
| വയനാട് | 3 | 9 |
| കാസർഗോഡ് | 1 | 10 |
| | 160 | 194. |

സെക്ഷൻ ഓവർസിയർ

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 851 02/12/2015 ലെ മറുപടിയ്ക്ക്

### കേരള വാട്ടർ അതോറിറ്റിയുടെ മൊത്തവരുമാനം

ചോദ്യം

ഡോ.കെ.ടി.ജലീൽ

മറുപടി

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റി എത്ര തവണ വെള്ളക്കരം വർദ്ധിപ്പിക്കുകയുണ്ടായി. ഓരോ തവണയും എത്ര ശതമാനം വീതം നിരക്ക് വർദ്ധിപ്പിച്ചു ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 25/09/14 ൽ ഒരു പ്രാവശ്യം മാത്രമാണ് കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത്. വ്യത്യസ്ത സ്ലാബുകളിലായി ശരാശരി 0% മുതൽ 112.25% വരെയാണ് വർദ്ധനാ നിരക്ക്. |
| (ബി) 2010-11 വർഷത്തിൽ വെള്ളക്കരത്തിലൂടെ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം എത്രകോടി രൂപയായിരുന്നു; 2014-15 സാമ്പത്തിക വർഷത്തെ മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു ; 2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടിരൂപയാണ് ; | (ബി) 2010-11 ലെ വരുമാനം 274.44 കോടി രൂപയായിരുന്നു. 2014-15 വർഷത്തെ വരുമാനം 372.82 കോടി രൂപയായിരുന്നു. 2015-16 വർഷത്തിൽ ഏകദേശം 480 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. |
| (സി) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഉപഭോക്താക്കൾ എത്രയെന്ന് വിശദമാക്കുമോ ? | (സി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ 18,49,827 ഉപഭോക്താക്കളുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 852

02/12/2015 -ൽ മറുപടിക്ക്

## വടകര മാഹി കനാൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര-മാഹി കനാലിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) 17.61 കി.മീറ്റർ നീളമുള്ള വടകര-മാഹി കനാലിൽ 5 റീച്ചുകളിലായാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതിൽ ഒന്നാമത്തെ റീച്ചിൽ നബാർഡ്-ആർ.ഐ.ഡി.എഫ്-XVII-ൽ ഉൾപ്പെടുത്തി 23 കോടി രൂപയും, അടുത്ത മൂന്ന് റീച്ചുകൾക്ക് 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയും (22+28+20) 5-ാമത്തെ റീച്ച് സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 23.25 കോടി രൂപയും ഉൾപ്പെടെ മൊത്തം 116.25 കോടി രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകുകയുണ്ടായി. ഇതിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ മൂന്ന് റീച്ചുകളിൽ ചാനൽ ഫോർമേഷൻ പൂർത്തിയായിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന 5-ാമത്തെ റീച്ചിന്റെ 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ്-ആർ.ഐ.ഡി..എഫ് 17 ൽ ഉൾപ്പെട്ട ഒന്നാമത്തെ റീച്ചിൽ 20% പണികൾ പൂർത്തീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു. |
| (ബി) കനാലിന് കുറുകെ എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ഓരോ പാലങ്ങൾക്കും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (ബി) വടകര-മാഹി കനാലിനു കുറുകെ 6 റോഡ്-മേൽ പാലങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിൽ മൂന്നു പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള 29.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കനാലിനു കുറുകെ ആറു നടപ്പാലങ്ങൾ ക്കായുള്ള |

5.73 കോടി രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

<u>ഭരണാനുമതി ലഭ്യമായ പാലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

| | |
|---|---|
| 1) പറമ്പിൽ | - 995 ലക്ഷം |
| 2) കല്ലേരി | - 970 ലക്ഷം |
| 3) കന്നിനട | - 10.10 കോടി |
| 4) 6 സ്റ്റീൽ നടപ്പാലങ്ങൾ | - 573 ലക്ഷം |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:854 02.12.15 ൽ മറുപടിക്ക്

**ജലാശയ മലിനീകരണം**

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിലെ നദികളും തോടുകളിലും കോളി ഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) ജലാശ്ശങ്ങളിലെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. 1974 ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമം മൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമ പ്രകാരമുള്ള അനുമതിപരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ച് വരുന്നു.<br>കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rise building) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന കോളിഫോം ബാക്ടീരിയയുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (സി) നിലവിൽ തിരുവനന്തപുരം ജില്ലയിൽ 107 MLD ശേഷിയുള്ള ഒരു സീവേജ് ശുദ്ധീകരണ പ്ലാന്റും എറണാകുളം ജില്ലയിൽ ഇളംകുളത്ത് 4.5 MLD ശേഷിയുള്ള സീവേജ് ശുദ്ധീകരണ പ്ലാന്റും, ശബരിമലയിലെ പമ്പയിൽ 3.5 MLD യുടെ സീവേജ് ശുദ്ധീകരണ പ്ലാന്റ് ശബരിമല സീസണിലും പ്രവർത്തിച്ചു വരുന്നു.കൂടാതെ സന്നിധാനത്ത് 5 MLD പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായി പ്രവർത്തന ക്ഷമമായിട്ടില്ല<br>ഗുരുവായൂരിൽ 3 MLD ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സീവറേജ് സിസ്റ്റം (സീവർ ലൈനുകൾ) പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് മാലിന്യം സംസ്കരിക്കുന്നതിനായി കോട്ടയത്തെ കുമരകത്തും, ആലപ്പുഴയിലെ |

കുന്നമ്മയിലും ഒരോ സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ നിലവിലുണ്ട്. കോട്ടയത്ത് ഗാന്ധിനഗറിലും കണ്ണൂരിൽ തളിപ്പറമ്പിലും ഒരോ ചെറിയ സീവേജ് ശുദ്ധീകരണ പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ സ്രോതസ്സുകളുടെ ജലം വിവിധതലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ചതിനു ശേഷം, ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ വിതരണം ചെയ്യാറുള്ളൂ. ജലസ്രോതസ്സുകൾ മലിന മാക്കുന്നത് പ്രധാനമായും ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത്, അഴുക്കു ചാലുകൾ, ഓടകൾ എന്നിവ ജലാശങ്ങളിലേയ്ക്കു തുറന്നു വിടുന്നത്, നഗര വത്കരണത്തിന്റെ ഭാഗമായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്നിവ മൂലമാണ് . ഇവ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, നഗര പ്രദേശങ്ങളിൽ, ജലാശയങ്ങളിലേക്ക് നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കുന്ന പ്രവൃത്തി സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും നിർമ്മിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:856      02.12.15 ൽ മറുപടിക്ക്

## ജലവിഭവ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ പമ്പ ഇറിഗേഷൻ പ്രോജക്ടിന്റേയും കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെയും ഭാഗമായ അക്വിഡേറ്റുകൾ ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | മാവേലിക്കര മണ്ഡലത്തിലെ പമ്പ ഇറിഗേഷൻ പ്രോജക്ടിൽ വരുന്ന ഉംബർനാട് അക്വഡക്ടിന്റെ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മണ്ഡലത്തിൽതന്നെ വരുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെടുന്ന അക്വഡക്ടുകളുടെ ശോചനീയാവസ്ഥ ഒന്നും തന്നെ കഴിഞ്ഞ വർഷത്തെ ജലവിതരണ സമയത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തുലാവർഷത്തിൽ മഴവെള്ളം കെട്ടി നിന്ന് വലതു കര മെയിൽ കനാലിന്റെ 60-ാം കിലോമീറ്ററിലെ അക്വഡക്ടിൽ ചോർച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) ഇവയുടെ ശോചനീയാവസ്ഥ അടിയന്തിരമായി പരിഹരിക്കുമോ; | (ബി)<br>&<br>(സി) | പമ്പാ ഇറിഗേഷൻ പ്രോജക്ടിലേയും കല്ലട ഇറിഗേഷൻ പ്രോജക്ടിലേയും അക്വിഡേറ്റുകളുടെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്വീകരിച്ചുവരുന്നു. |
| (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| | | |
|---|---|---|
| 1. | കെ.ഐ.പി (ആർ.ബി) വള്ളിക്കുന്നം ഡിസ്ട്രിബ്യൂട്ടറിയുടെ ചെ.2490 മീറ്റർ മുതൽ 2725 മീറ്റർ വരെയുള്ള ഭാഗത്തെ അറ്റകുറ്റ പണികൾ | തുക- 5,43,589 രൂപ |
| 2. | കെ.ഐ.പി (ആർ.ബി) വള്ളിക്കുന്നം ഡിസ്ട്രിബ്യൂട്ടറിയുടെ ചെ.0 മീറ്ററിനും ചെ.10993മീറ്ററിനും ഇടയിൽ ചെയിനേജ് 7000 മീറ്ററിൽ ഒരു പാലം നിർമ്മാണം. | തുക- 5,26,709 രൂപ |
| 3 | കെ.ഐ.പി (ആർ.ബി) കുറത്തിക്കാട് ഡിസ്ട്രിബ്യൂട്ടറിയിൽ ചെ.0 മീറ്റർ മുതൽ ചെ.2140 മീറ്റർ വരെയുള്ള ഭാഗത്തെ അറ്റകുറ്റ പണികൾ- | തുക-10,83,524 രൂപ |
| 4. | കെ.ഐ.പി (ഒ ആന്റ് എം)മാവിള ഡിസ്ട്രിബ്യൂട്ടറിയിൽചെ.0 മീറ്റർ മുതൽ ചെ.2140 മീറ്റർ വരെയുള്ള ഭാഗത്തെ അറ്റകുറ്റ പണികൾ- | തുക-11,17,269 രൂപ |
| 5. | കെ.ഐ.പി (ഒ ആന്റ് എം) വള്ളിക്കുന്ന് ഡിസ്ട്രിബ്യൂട്ടറിയിൽചെ.3647മീറ്റർ മുതൽ ചെ.3870 മീറ്റർ വരെയുള്ള ഭാഗത്തെ അടിയന്തര അറ്റകുറ്റ പണികൾ- | തുക-7,75,965 രൂപ |
| 6 | കെ.ഐ.പി (ഒ ആന്റ് എം) കുറത്തിക്കാട് ഡിസ്ട്രിബ്യൂട്ടറിയിൽചെ.6390 മീറ്റർ മുതൽ ചെ.6400 മീറ്റർ വരെ അടിയന്തര അറ്റകുറ്റ പണികൾ- | തുക- 4,33,784 രൂപ |

അതുപോലെ പമ്പാ ഇറിഗേഷൻ പോജക്ടിൽ വരുന്ന മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയുടെ ചോർച്ച പരിഹരിക്കാനുള പ്രവൃത്തികളും ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടു്.

സെക്ഷൻ ഓഫീസർ

# അനുബന്ധം II

1.PIP LBC Urgent rectification works to mavelikkara east branch canal from ch.2500m to 3000m

2. PIP LBC providing square mesh with 12mm MS bars to prevent flow of waste to canals near surplus escape at kollukadavu and umbarnad aqueduct in left bank main canal.

3. PIP LBC Urgent rectification works from ch.37820m to 37980m

4.PIP LBC Urgent rectification vettiyar branch canal from ch. 0m to 750m

5. PIP LBC Urgent rectification works to Thazhakkara west branch canal from ch. 0m to 750m

6.PIP LBC Urgent rectification works to peruvelichaal sub distrubutory from ch. 1000m to 1800m

7.PIP LBC Urgent rectification works to peruvelichaal sub distrubutory from ch. 0m to 1000m

8. PIP LBC Urgent maintenance and protection works to Kurathikad branch canal between ch.5900m to tail end at kurathikad

9.PIP LBC Urgent rectification maintenance and protection works to Kurathikad branch canal and aqueduct between ch.4000m to 4900m at pallickal

10. Urgent re vamping works to Thazhakkara east branch canal between ch. 0.00m to 1200m .

11. 13th FCA PIP - LBC Urgent rectification works to peruvelichal distributor from ch.1800m to 3000 m

12. 13th FCA PIP - LBC Urgent rectification works to Kurathikad branch canal between ch.150m to750 m

13. 13th FCA PIP - LBC main canal urgent protection works between ch.36500m to 36700m

14. 13th FCA PIP - LBC main canal urgent revamping works to kurathikad branch canal betwwen ch.1190m to 2400m

15. Urgent revamping works to kurathikad branch canal from ch .2500m to 3000 m and urgent protection works to varanikal aqueduct

16. 13th FCA PIP - LBC urgent revamping works to vettiyar branch canal between ch.750m to 3300m

17. Urgent rectification works to peruvelichaal distrubutory between ch.4720m to 5630m

18. PIP LBC rectification works to Thazhakkara east branch canal between ch.2900m to3420m at Erankara

19. Urgent revamping works to peruvelichal distributory between ch .3500m to 4650 m

20. urgent repair works to PIP LBC main canal between ch. 33600m to 33800m

21. PIP LBC precasting boundary stones for demarcation of PIP Land

22. PIP LBC urgent rectification works to Kollakadavu escape near ch.31815m

23. PIP LBC urgent rectification works to Thazhakkara west branch canal between ch.1500m to 2040m and between 4803m to 5171m

24. urgent repair works to PIP LBC main canal between ch. 35000m to 35250m

25. Improvements to bund road between ch. 34000m to 35700m

26. PIP LBC improvements to bund road between ch. 36000m to 38150m

27. PIP LBC improvements to bund road between ch. 31600m to 33600m

28. PIP LBC main canal Urgent maintenance works between ch. 34750m to 35000m

29. PIP LBC Urgent rectification works to removel of floating debris dumbed into the canal which got flooded up between ch. 32000m to 33200m of main canal.

30. PIP LBC urgent revamping works to kurathikad branch canal between ch.3000m to 3800m

31. PIP LBC main canal urgent maintenance works between ch. 33000m to 33210m

32. PIP LBC urgent rectification works to kurathikad branch canal between ch. 4900m to 5500m

33.PIP LBC urgent rectification works to mavelikkara east branch canal between ch. 0m to 325m

34. PIP LBC urgent rectification works to mavelikkara east branch canal between ch. 1610m to 2080m and between 3840m and 3875m

35. PIP urgent rectification works between ch. 35020m and 35100m

36. Urgent rectification work to the Thazhakkara west branch canal between ch. 600m to 800m

37. Urgent rectification work to the Kurathikad branch canal between ch. 1770m to 2300m

38. PIP LBC urgent rectification works between ch. 35495m to 35560m

39. PIP LBC Urgent rectification work to main canal between ch. 41650m to 41800m

40. PIP LBC Urgent rectification work to Thekkekara branch canal ch. 0m to 100m

41.Draught relief urgent leak arresting work between ch. 38800m to 38900m

42. . PIP LBC Urgent rectification work to the left bank main canal between ch. 38440m to 38600m including construction of parapet wall.

43 PIP LBC urgent rectification works to main canal between ch. 41400m to 41950m

44. PIP LBC Urgent rectification works to main canal ch. 38600m to 38800 m including construction of parapet wall.

45.PIP LBC improvement bund road between ch.40200m to 43000m

46. PIP LBC Urgent rectification works to the left bank main canal between ch. 41950m to 42150m of construction of upstream site of the road way bridge.

47. PIP LBC urgent rectification works to kannamangalam east branch canal between ch. 2860m 3200m including crossing slab.

48. PIP LBC urgent rectification works between ch. 39150m to 39300m

48. PIP LBC urgent rectification works between ch 500m to 1000m of Peringala east branch canal.

49. PIP LBC urgent rectification works Kannamangalam east branch canal between ch 1200m to 1900m

50. PIP LBC urgent rectification works to Valiaperumpuzha Distributory ch.om to 350m

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -859      02.12.2015 ൽ മറുപടിയ്ക്ക്

–

**<u>മൈനർ ഇറിഗേഷൻ പദ്ധതി നടപ്പാക്കൽ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ :** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) മൈനർ ഇറിഗേഷൻ വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ)& (ബി)<br><br>വിവരം ശേഖരിച്ചു വരുന്നു |
| (ബി) എത്ര തുക പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയെന്നും ആയവയുടെ നില വിലുള്ള പുരോഗതി എന്തെല്ലാമെന്നും വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:861

02.12.15 ൽ മറുപടിക്ക്

**തീരദേശ പ്രദേശത്തെ കടലാക്രമണം തടയാൻ നടപടി**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ) | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ തീരദേശ പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാസർകോഡ് ജില്ലയിൽ കാവുഗോളി, അജാന്നർ, മുസോഡി, നാംഗി, കൊപ്പള, ജമ്മ,ബെല്ല എന്നീ കടപ്പുറങ്ങളിലായി 6 പ്രവൃത്തികൾ, 1790 മീറ്റർ നീളത്തിൽ 759.48 ലക്ഷം രൂപ ചെലവിൽ കടൽഭിത്തികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് കാവുഗോളി കടപ്പുറത്ത് 120 മീറ്റർ നീളത്തിൽ 60 ലക്ഷം രൂപയ്ക്ക് ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) കൊവ്വൽ - കൊപ്പൽ കടപ്പുറത്തും ചെമ്പരിക്ക കടപ്പുറത്തും കടലാക്രമണം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ബി) കൊവ്വൽ - കൊപ്പൽ കടപ്പുറത്ത് കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തിയുടെ ബഡ്ജറ്റിൽ തുക വകയിരുത്താത്ത സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനുള്ള പ്രവർത്തികൾ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കാവുന്നതാണ്.<br><br>ചെമ്പരിക്ക് കടപ്പുറത്ത് 260 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യപ്തതമൂലം ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -862 02.12.2015 ൽ മറുപടിയ്ക്ക്

**വയലപ്ര റഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ രാമപുരം പുഴയ്ക്ക് കുറുകെ വയലപ്രയിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദീകരിക്കുമോ ? | (എ) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നല്കുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിന് അംഗീകാരം നല്കുന്നതിനു വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 864** | **02-12-2015 ൽ മറുപടിയ്ക്ക്.**

## ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 സാമ്പത്തിക വർഷം, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കി യിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 വർഷങ്ങളിൽ മൈനർ/മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. |

**2014-15 കാലയളവിലെ പ്രവൃത്തികൾ**

**മൈനർ ഇറിഗേഷൻ**

| | | |
|---|---|---|
| ചാലിയാർ പഞ്ചായത്തിലെ മൈലാടി കോളനിക്കുളം അഭിവൃദ്ധിപ്പെടുത്തൽ | സ്ഥലം ലഭ്യമാകാത്തതിനാൽ തടസ്സപ്പെട്ടു കിടക്കുകയാണ് | 20.00 ലക്ഷം |
| കാവനൂർ പഞ്ചായത്തിലെ ആശാരി തോടിൽ ആശാരി തോട് ചെക്ക് ഡാം | പ്രവൃത്തി പൂർത്തിയായി | 19.68 ലക്ഷം |
| ഊർങ്ങാട്ടിരി പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ കുനിയംമുമ്പി ചെക്ക്ഡാം നിർമ്മാണം | പ്രവൃത്തി പൂർത്തിയായി | 46.16 ലക്ഷം |
| ഊർങ്ങാട്ടിരി പഞ്ചായത്തിൽ തേനരുവി തോടിൽ തേനരുവി വി.സി.ബി നിർമ്മാണം | പ്രവൃത്തി പൂർത്തിയായി | 43.34 ലക്ഷം |

**മേജർ ഇറിഗേഷൻ**

| | | |
|---|---|---|
| ഊർങ്ങാട്ടിരി പഞ്ചായത്തിൽ ഷൗക്കക്കടവിൽ ചെറുപുഴക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം | പ്രവൃത്തി പൂർത്തിയായി | 45.00 ലക്ഷം |

<table>
<tr>
<td>(ബി)</td>
<td>പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?</td>
<td></td>
<td>
2015-16 വർഷത്തിലെ പ്രവൃത്തികൾ<br>
<u>മൈനർ ഇറിഗേഷൻ</u>
<table>
<tr><td>എടവണ്ണ പഞ്ചായത്തിൽ പാലപ്പറ്റ വലിയകുളം അഭിവൃദ്ധിപ്പെടുത്തൽ</td><td>പ്രവൃത്തി പൂർത്തിയായി</td><td>4.86 ലക്ഷം</td></tr>
<tr><td>കിഴുപറമ്പ് പഞ്ചായത്തിലെ കണ്ണമ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാൽ അറ്റകുറ്റ പണികൾ</td><td>പ്രവൃത്തി പൂർത്തിയായി</td><td>14.79 ലക്ഷം</td></tr>
<tr><td>ചാലിയാർ പഞ്ചായത്തിലെ കാഞ്ഞിരപ്പുഴയ്ക്ക് കുറുകെ വൈലശ്ശേരി ചെക്ക്ഡാം നിർമ്മാണം</td><td>പ്രവൃത്തി ആരംഭിച്ചിട്ടില്ല</td><td>78.45 ലക്ഷം</td></tr>
<tr><td>ഊർങ്ങാട്ടിരി പഞ്ചായത്തിലെ കുഴിനക്കിപ്പാറ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം</td><td>ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥലതർക്കം മൂലം ജനങ്ങൾ തടസ്സം നിന്നതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല</td><td>412 ലക്ഷം</td></tr>
</table>
<u>മേജർ ഇറിഗേഷൻ</u><br>
2015-16 വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ മേജർ വിഭാഗം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.<br>
<u>കേരള ജല അതോറിറ്റി</u><br>
ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 സാമ്പത്തിക വർഷം കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| DRW | Status | Year |
|---|---|---|
| 1. RWSS അരീക്കോട് പൈപ്പ് നീട്ടൽ - കുറുമണ്ണൂർ, അമ്പലക്കുന്ന്, കോലാർക്കുന്ന്, നെല്ലിക്കുന്ന് ഏരിയ | പൂർത്തീകരിച്ചു | 2014-15 |
| 2. RWSS - അരീക്കോട് - പൈപ്പ് നീട്ടൽ - ഉഗ്രപുരം തലക്കാം ഏരിയ | പൂർത്തീകരിച്ചു | 2014-15 |
| 3. RWSS - അരീക്കോട് - പൈപ്പ് നീട്ടൽ - വാമൂർ ഹോസ്പിറ്റൽ ഏരിയ | പൂർത്തീകരിച്ചു | 2014-15 |
| 4. RWSS - അരീക്കോട് - പൈപ്പ് നീട്ടൽ, കൂടങ്ങൽ, കൈതക്കുന്ന് ഏരിയ | പൂർത്തീകരിച്ചു | 2014-15 |
| **Deposit Work** | | |
| 1. ഡബ്ല്യു. എസ്. എസ് - കോഴിക്കോടൻ ചാൽ എസ്. സി കോളനി വാർഡ് നമ്പർ-4 ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് | പൂർത്തീകരിച്ചു | 2014-15 |
| 2. സി. എസ്. എം. ഇ. പൈപ്പ് നീട്ടൽ ചാലിക്കുന്ന് വാർഡ്-16 | പൂർത്തീകരിച്ചു | 2014-15 |
| 3. കീഴുപറമ്പ് പഞ്ചായത്ത് WSS തൃക്കളയൂർ അംഗൺവാടി | പൂർത്തീകരിച്ചു | 2014-15 |

| | | |
|---|---|---|
| 4. RWSS അരീക്കോട്- പൈപ്പ് നീട്ടൽ പടിഞ്ഞാറെത്തൊടി SC കോളനി വിളയൂരിൽ SC കോളനി ഉഗ്രപുരം കോളനി- അരീക്കോട് പഞ്ചായത്ത് | പൂർത്തീകരിച്ചു | 2014-15 |
| 5. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരീക്കോട്- അരീക്കോട് ഗവ: ഐ ടി. ഐയിലേ- ക്കും അരീക്കോട് പഞ്ചായത്തിലെ മൂവ് ന്നി മൂന്ന് സ്റ്റാഫ് ക്വാർട്ടേഴ്സിലേക്കുള്ള വാട്ടർ കണക്ഷൻ | പൂർത്തീകരിച്ചു | 2014-15 |
| 6. അരീക്കോട് പഞ്ചായ- ത്തിലെ മുണ്ടൻ (പൊതു ഞ്ഞും മുറി അംഗൻ വാടി ഹെൽത്ത് സെന്റ) ലേക്ക് വാട്ടർ കണക്ഷൻ | പൂർത്തീകരിച്ചു | 2014-15 |
| 7. കീഴുപറമ്പ് പഞ്ചായ- ത്ത് വിവിധ- SC കോള- നികളിലേക്ക് പൈപ്പ് നീട്ടൽ | പൂർത്തീകരിച്ചു | 2014-15 |
| 8. അരീക്കോട് പഞ്ചായ- ത്തിലെ പടിഞ്ഞാറെത്തൊടി, വെള്ളേരി, ഉഗ്രപുരത്ത് SC കോളനികളി ലേക്ക് പൈപ്പ് നീട്ടൽ | പൂർത്തീകരിച്ചു | 2014-15 |
| 69 RWSS<br>ARWSS- കാവനൂർ സംഭരണി ഭിത്തി നിർമ്മാണം പഞ്ചായത്ത് സ്വന്തം സ്ഥലത്ത് | പൂർത്തീകരിച്ചു | 2014-15 |

## മൈനോറിറ്റി WSS

| | | |
|---|---|---|
| മൈനോറിറ്റി കോൺസൺട്രേഷൻ ഏരിയ - കാവന്നൂർ പഞ്ചായത്തിലെ ചുള്ളഞ്ചേരി പാറമ്മൽ അരിയത്തിങ്കൽ കുടിവെള്ള വിതരണ പദ്ധതി | പൂർത്തീകരിച്ചു. | 2014-15 |

## ARWSP

| | | |
|---|---|---|
| 1. WSS കോലയിൽ SC കോളനി വാർഡ് - 14 | ആഴ്വൽകിണർ പരാജയപ്പെട്ടു. | 2014-15 |
| 2. WSS തിരു SC കോളനി | പൂർത്തീകരിച്ചു | 2014-15 |
| 3. WSS കൊടിഞ്ഞാർ പോയിൽ SC കോളനി | നിർമ്മാണം പുരോഗമിക്കുന്നു. | 2014-15 |

## CORPUS FUND

| | | |
|---|---|---|
| 1. WSS ഒദപ്പൊക്ക് SC കോളനി | നിർമ്മാണം പൂർത്തീകരിച്ചു. | 2014-15 |
| 2. WSS വിമ്പൻകുഴി SC കോളനി | നിർമ്മാണം പൂർത്തിയായി | 2014-15 |
| 3. WSS വെളുങ്ങൽകുന്ന് കുടിവെള്ള പദ്ധതി | നിർമ്മാണം പൂർത്തീകരിച്ചു | 2014-15 |

## SLSSC പദ്ധതി

| | |
|---|---|
| 1. കാവന്നൂർ കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | ജലശുദ്ധീകരണ ശാല പണിയുന്നതിനും പമ്പിംഗ് മെയിൻ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട് |
| 2. കാവന്നൂർ കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | വിതരണ ശൃംഖലയുടെ എസ്റ്റിമേറ്റിന് അനുമതി (908 ലക്ഷം രൂപ) ലഭിച്ചു. |

3. തിരുവാലിയൂർ സമീപ പ്രദേശ- ങ്ങൾക്കുള്ള കുടിവെള്ള പദ്ധ തി നിർമ്മാണം - ഒന്നാം ഘട്ടം

കിണർ, ശുദ്ധീകരണ ശാല എന്നിവയുടെ പ്രവൃത്തി പൂർത്തീകരി- ച്ചുവരുന്നു. വിതരണ ശൃംഖല 8.19 km അവാർഡ് ചെയ്തു. ബാക്കി ഭാഗങ്ങൾ പൂർത്തീകരിക്കാനാ വശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

## DEPOSIT WORK 2015-16

1. [illegible] കോഴിക്കോട് - [illegible] കളിലെ വിവിധ ഭാഗങ്ങൾ [illegible] ലൈനുകളുടെ [illegible] ക്ഷൻ. — പൂർത്തീകരിച്ചു. 2015-16

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:865 02.12.15 ൽ മറുപടിക്ക്

## തീരദേശ സംരക്ഷണത്തിനായി ജിയോട്യൂബ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തീരദേശ സംരക്ഷണത്തിനായി നൂതനവും പരിസ്ഥിതിക്ക് ദോഷം വരാത്തതുമായ ജിയോട്യൂബ് ഉപയോഗിച്ചുള്ള സൈറ്റ് സ്പെസിഫിക്ക് സബ് മെർജ്ഡ് റീഫ് -ന്റെ നിർമ്മാണത്തിനായുള്ള പദ്ധതി 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ ; | (എ) പ്രഖ്യപിച്ചിരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ; | (ബി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ കോമനയിൽ 100 മീറ്റർ നീളം ജിയോട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം ബഡ്ജറ്റുകളിൽ എന്തു തുക നീക്കി വെച്ചിരുന്നുവെന്നും ഇതുവരെ ഖജനാവിൽ നിന്നും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ? | (സി) ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടില്ല. ഈ പദ്ധതിയ്ക്ക് ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 866** | **02-12-2015 ൽ മറുപടിയ്ക്ക്.**

## ജലവിഭവ വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
